**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 4133

16.12.2014 ൽ ബഹു: ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പമന്ത്രി
മറുപടി പറയേണ്ടത്

**ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടർമാരുടെയും ഡെപ്യൂട്ടി ഡയറക്ടർമാരുടെയും പ്രമോഷൻ**

**ചോദ്യം**

പ്രൊഫ.സി.രവീന്ദ്രനാഥ്

**ഉത്തരം**

ശ്രീ. കെ.എം. മാണി, ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പമന്ത്രി

| | | | |
|---|---|---|---|
| (എ) | ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടർമാരുടെയും ഡെപ്യൂട്ടി ഡയറക്ടർമാരുടെയും പ്രമോഷൻ നടത്തുവാൻ ഡി.പി.സി. ലിസ്റ്റ് നിലവിൽ ഉണ്ടോ എന്ന് വിശദമാക്കാമോ : | : | ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടർമാരുടെയും ഡെപ്യൂട്ടി ഡയറക്ടർമാരുടെയും പ്രമോഷൻ നടത്തുന്നതിനുള്ള ഡി.പി.സി. ലിസ്റ്റ് നിലവിൽ ഇല്ല. |
| (ബി) | യഥാസമയം ഡെപ്യൂട്ടി ഡയറക്ടർമാരുടെ പ്രമോഷൻ നടക്കാത്തതിനാൽ വകുപ്പിന്റെ കാര്യക്ഷമത ഇല്ലാതായിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രമോഷൻ നടക്കാത്തതിനുള്ള തടസ്സം എന്താണ് അറിയിക്കുമോ ; | : | ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ തസ്തികകളിലെ ഉദ്യോഗസ്ഥരുടെ അഭാവം വകുപ്പിന്റെ പ്രവർത്തനത്തെ ബാധിക്കുന്നത് സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അസിസ്റ്റന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തതിനാൽ വകുപ്പുതല പ്രമോഷൻ കമ്മിറ്റി കൂടാൻ കഴിയാത്തതാണ് പ്രമോഷൻ നടക്കാത്തതിനുള്ള കാരണം. |
| (സി) | തടസ്സം മാറ്റി പ്രമോഷൻ എന്ന് നടത്താനാകുമെന്ന് വിശദമാക്കാമോ ? | : | അസിസ്റ്റന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. അതിന് ശേഷം വകുപ്പുതല പ്രമോഷൻ കമ്മിറ്റി കൂടി പ്രമോഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**